പോത്തുപാറ കോളനിയിലേക്ക് വൈദ്യുതി ലൈൻ വലിക്കാൻ വനംവകുപ്പിന്റെ അനുമതി

52(1009) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നിയിലെ പോത്തുപാറ ഹരിജൻ കോളനിയിലേയ്ക്ക് വൈദ്യുതി എത്തിക്കുന്നതിനായി കേന്ദ്ര വനം മന്ത്രാലയത്തിന്റെ അനുമതി ലഭിക്കാനായി സംസ്ഥാന വനംവകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അനുമതി ലഭിച്ചുവോ;

(ബി) അനുമതി ലഭിച്ചിട്ടില്ലെങ്കിൽ ഇക്കാര്യത്തിലുള്ള തടസ്സം ഒഴിവാക്കാനുള്ളനടപടി കൈക്കൊണ്ടിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ;

(സി) പോത്തുപാറ കോളനിയിലേക്ക് വൈദ്യുതി എത്തിക്കാനായി ലൈൻ വലിക്കാൻ വനാവകുപ്പിന്റെ അനുമതി എത്രയുംവേഗം നൽകാനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 24/01/2000-ൽ കേന്ദ്രസർക്കാരിന്റെ അനുമതിയ്ക്കായി അപേക്ഷിച്ചിട്ടുണ്ട്. അനുമതി ലഭിച്ചിട്ടില്ല.

(ബി) ഫോറസ്റ്റ് ഏരിയയിൽക്കൂടി കടന്നു പോകുന്ന 11 കെ.വി. വൈദ്യുതി ലൈനിന് 7 മീറ്റർ വീതി വേണമെന്നും അതിനു വേണ്ടി വരുന്ന വനഭൂമി ആദ്യം ആവശ്യപ്പെട്ടിരുന്ന 0.4 ഹെക്ടർ അല്ലായെന്നും .84 ഹെക്ടർ ആണെന്നും ഇപ്രകാരം കൂടുതൽ ഭൂമി വേണ്ടി വരുന്നതിനാൽ മരങ്ങൾ മുറിക്കേണ്ടതുകൊണ്ട് പുതിയ പ്രൊഫോർമ വിവരങ്ങൾ നൽകുന്നതിന് കേന്ദ്രസർക്കാർ നിർദ്ദേശിക്കുകയുണ്ടായി. പുതിയ പ്രൊഫോർമ കലഞ്ഞൂർ ഇലക്ട്രിക്കൽ സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ലഭിച്ചിട്ടില്ല.

(സി) നടപടി സ്വീകരിച്ചു വരുന്നു.

തെന്മല ഡാമിലെ തടി അട്ടി വെക്കാത്തതുമൂലമുള്ള നഷ്ടം

53 (1010)ശ്രീ. ഇ.എം. അഗസ്തി :

ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെന്മല ഡിപ്പോയിൽ ലേലത്തിന് വയ്ക്കുന്ന തടികൾ ഇനവും ക്ലാസും തിരിച്ച് അട്ടി വയ്ക്കാറില്ലെന്നുള്ളത് സംബന്ധിച്ച റിപ്പോർട്ട് ഗവണ്മെന്റിന് കിട്ടിയിട്ടുണ്ടോ;

(ബി) ഇവിടെ തടി ഇനവും ക്ലാസും തിരിച്ച് അട്ടി വയ്ക്കുന്ന സമ്പ്രദായം അവസാനിപ്പിച്ചത് എന്നു മുതലാണെന്ന് അറിവുണ്ടോ;

(സി) ഇതു മൂലം ഉണ്ടായ നഷ്ടം കണക്കാക്കിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എന്തു നഷ്ടം ഉണ്ടായിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കിട്ടിയിട്ടുണ്ട്.

(ബി) അവസാനിപ്പിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി)&(ഡി) മറുപടി (ബി) യുടെ വെളിച്ചത്തിൽ ഉദിക്കുന്നില്ല.

പെരിയാർ ടൈഗർ റിസർവിനു കർണാടകത്തിൽ നിന്നു ലഭിച്ച സഹായം

54 (1012)ശ്രീ. ജി. കാർത്തികേയൻ:
ശ്രീ. തമ്പാനൂർ രവി:
ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിയാർ ടൈഗർ റിസർവിന്റെ സംരക്ഷണത്തിനു വേണ്ടി ലോകബാങ്കിൽ നിന്നും സഹായം കിട്ടിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തു സഹായമാണ് കിട്ടിയത്;

(സി) ഇത് വായ്പയോ ഗ്രാന്റോ രണ്ടും കൂടിയോ ആണോ എന്ന് വെളിപ്പെടുത്തുമോ;

(ഡി) വായ്പയുടെ തിരിച്ചടവു സംബന്ധിച്ച വ്യവസ്ഥ എന്തെല്ലാമാണ്;

(ഇ) ഈ തുക ഏതെല്ലാം വിധത്തിലുള്ള വികസന കാര്യങ്ങൾക്കു വേണ്ടി വിനിയോഗിച്ചുവെന്ന് വ്യക്തമാക്കുമോ;

(എഫ്)ഈ തുക വിനിയോഗിച്ച് കടുവസംരക്ഷണവും ടൈഗർ റിസർവിന്റെ വികസനവും നടത്തിയതിന്റെ ഫലമായി കടുവകളുടെ എണ്ണത്തിൽ എന്തു വർദ്ധനയുണ്ടായി;

(ജി) ഈ തുക വിനിയോഗിച്ചതിൽ അഴിമതി ആരോപണം ഉണ്ടായിട്ടുണ്ടോ;

(എച്ച്) ഇതു സംബന്ധിച്ച് ഗവണ്മെന്റ് അന്വേഷണം നടത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പെരിയാർ ടൈഗർ റിസർവ്വിൽ 1996-97 വർഷം മുതൽ നടപ്പാക്കി വരുന്ന ഇൻഡ്യാ ഇക്കോ ഡവലപ്പ്മെന്റ് പദ്ധതിക്ക് വേൾഡ് ബാങ്ക്, ഗ്ളോബൽ എൻവേയാൺമെന്റ് ഫെസിലിറ്റി (ജി.ഇ.എഫ്) എന്നിവയിൽ നിന്നും സഹായം ലഭിക്കുന്നുണ്ട്. കേന്ദ്ര ഗവണ്മെന്റിന് ലഭിക്കുന്ന ഈ സഹായം കേന്ദ്രഗവണ്മെന്റ് ഈ പദ്ധതി നടപ്പിലാക്കുന്ന സംസ്ഥാങ്ങൾക്ക് ഗ്രാന്റായി നൽകുന്നു. ഈ പദ്ധതിക്കു വേണ്ടി 2000-മാണ്ട് മെയ് അവസാനം വരെ 1,2622.69 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്.

(സി) വേൾഡ് ബാങ്ക്, ജി.ഇ.എഫ്. എന്നിവയിൽ നിന്നുള്ള സഹായം കേന്ദ്ര ഗവണ്മെന്റിനാണ് ലഭിക്കുന്നത്. കേന്ദ്ര ഗവണ്മെന്റ് ഗ്രാന്റായി സംസ്ഥാനങ്ങൾക്കു കൈമാറുന്നു. സംസ്ഥാന ഗവണ്മെന്റിന്റെ ഉത്തരവാദിത്വം ആവർത്തന ചെലവുകൾക്ക് മാത്രമാണ്. ഇതിൽ സാധാരണയായി ഉദ്യോഗസ്ഥന്മാരുടെ ശമ്പളം, മെയിന്റനൻസ് മുതലായവ ഉൾപ്പെടുന്നു. ഇത് ആകെ പ്രോജക്ട് അടങ്കൽ തുകയുടെ ഏകദേശം 13 ശതമാനം മാത്രമാണ്.

(ഡി) കേന്ദ്ര ഗവണ്മെന്റാണ് വായ്പ തിരിച്ചടയ്ക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly